**Deshabhimani**

**13 August 2018**

**Idukki, Wayanad, Red Alert**



# വയനാട്ടിലും ഇടുക്കിയിലും നാളെവരെ റെഡ് അലർട്ട്

**തിരുവനന്തപുരം**

തീവ്രമായ മഴയ്ക്കുള്ള സാധ്യത നിലനിൽക്കുന്നതിനാൽ വയനാട്, ഇടുക്കി ജില്ലകളിലെ റെഡ് അലർട്ട് ചൊവ്വാഴ്ച വരെ നീട്ടി. ഈ ജില്ലകളിൽ 15ന് ഓറഞ്ച് അലർട്ടായിരിക്കും. ആലപ്പുഴ, കണ്ണൂർ ജില്ലകളിൽ തിങ്കളാഴ്ചവരെ റെഡ് അലർട്ടാണ്. 15 വരെ ഓറഞ്ച് അലർട്ടും. എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ചൊവ്വാഴ്ചവരെ ഓറഞ്ച് അലർട്ടായിരിക്കും.

ഉരുൾപൊട്ടൽ സാധ്യതയുള്ളതിനാൽ രാത്രിയിൽ മലയോരമേഖലയിലേക്കുള്ള യാത്ര പരിമിതപ്പെടുത്തണമെന്നും ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു.